# KERALA POLICE INFORMATION CENTRE

No.32/PR/PIC/PHQ/10 Date : 21/05/10

## കേരളാ പോലീസിലേയ്ക്ക് കായിക താരങ്ങളുടെ റിക്രൂട്ട്മെന്റ്

കേരളാ പോലീസിന്റെ താഴെപ്പറയുന്ന കായിക വിഭാഗങ്ങളിലേയ്ക്ക് പ്രസ്തുത വിഭാഗങ്ങളിൽ മികവ് തെളിയിച്ച കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നു.

| | | | |
|---|---|---|---|
| 1) | അത്‌ലറ്റിക്സ് | : | (പുരുഷന്മാർ/സ്ത്രീകൾ) |
| 2) | ബാസ്ക്കറ്റ്ബോൾ | : | (പുരുഷന്മാർ) |
| 3) | ഫുട്ബോൾ | : | (പുരുഷന്മാർ) |
| 4) | വോളിബോൾ | : | (പുരുഷന്മാർ) |

01-01-2008ന് ശേഷം സംസ്ഥാനത്തേയോ, സർവ്വകലാശാലയേയോ, ദേശീയ തലത്തിലോ അന്തർ സർവ്വകലാശാലതലത്തിലോ ജൂനിയർ/യൂത്ത്/സീനിയർ/സ്കൂൾ ചാമ്പ്യൻഷിപ്പ് വിഭാഗങ്ങളിൽ പ്രതിനിധീകരിച്ചിട്ടുള്ള കായിക താരങ്ങളെ അവരുടെ യോഗ്യതയുടേയും ഭാവി സാധ്യതകളുടേയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ടീമുകളിലേയ്ക്ക് നിയമിക്കുന്നതിന് പരിഗണിക്കുന്നതായിരിക്കും.

| | | |
|---|---|---|
| കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത | : | പ്ലസ് 2 പരീക്ഷ പാസ്സായിരിക്കണം. |
| പ്രായം | : | 2010 ജനുവരി 1-ാം തീയതി 18 വയസ്സിനും 23 വയസ്സിനും മദ്ധ്യേ. |

(ബന്ധപ്പെട്ട വിഭാഗങ്ങളിൽ അങ്ങേയറ്റം മികവ് തെളിയിച്ചിട്ടുള്ള കേസുകളിൽ പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്).

തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ കേരളാ പോലീസിന്റെ സായുധ സേനാ ബറ്റാലിയനുകളിൽ ഹവിൽദാർ തസ്തികയിൽ നിയമിക്കുന്നതാണ്.

അപേക്ഷാ ഫോറം കേരളാ പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapolice.gov.in ൽ ലഭ്യമാണ്.

പൂരിപ്പിച്ച അപേക്ഷാ ഫോറങ്ങൾ, പ്രായം, വിദ്യാഭ്യാസ യോഗ്യത, കായിക മേഖലയിലെ പ്രകടനം എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പ് സഹിതം പോലീസ് ഡയറക്ടർ ജനറൽ, കേരളാ പോലീസ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം - 695 010 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗമോ, നേരിട്ടോ സമർപ്പിക്കേണ്ടതാണ്.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 10.06.2010 (വൈകുന്നേരം 5 മണിവരെ).

അപേക്ഷ ഉള്ളടക്കം ചെയ്തിട്ടുള്ള കവറിന് പുറത്ത് "സ്പോർട്സ് ക്വാട്ടയിൽ നിയമനത്തിനുള്ള അപേക്ഷ" എന്ന് എഴുതിയിരിക്കണം.

The contents of this document may be deemed to be based on received information which is subject to further verification